**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 762** **24-02-2022 - ൽ മറുപടിയ്ക്ക്**

**ഇരിക്കൂർ നിയോജകമണ്ഡലത്തിലെ അംബേദ്കർ സെറ്റിൽമെന്റ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | **null**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | അംബേദ്കർ സെറ്റിൽമെന്റ് പദ്ധതി പ്രകാരം ഇരിക്കൂർ നിയോജകമണ്ഡലത്തിലെ ഏതെല്ലാം പട്ടികവർഗ്ഗ കോളനികളിലാണ് നവീകരണപ്രവർത്തനങ്ങൾക്ക് അനുമതി നൽകിയിരിക്കുന്നതെന്നും, കോളനികളിൽ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ എന്നും അറിയിക്കാമോ; | (എ) | 2017-18 വർഷം അംബേദ്ക്കർ സെറ്റിൽമെന്റ് വികസന പദ്ധതി പ്രകാരം ഇരിക്കൂർ നിയോജക മണ്ഡലത്തിൽ നിന്നും തെരഞ്ഞെടുത്ത മാവുംതട്ട്, ചെമ്പുവച്ചമൊട്ട, പെരുവട്ടം, തോപ്പിലായി എന്നീ 4 പട്ടികവർഗ്ഗ കോളനികളുടെ നവീകരണ പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്. കരേത്തുംചാൽ പട്ടികവർഗ്ഗ കോളനിയിലെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. 2017-18 വർഷത്തെ അഞ്ച് കോളനികളിലെ നിർമ്മാണ പ്രവൃത്തികൾ ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ് എന്ന ഏജൻസിയെയാണ് ഏൽപ്പിച്ചിട്ടുള്ളത്. 31.03.2022 നകം പ്രവൃത്തി പൂർത്തീകരിക്കുന്നതിന് നിർവ്വഹണ ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. 2020-21 വർഷം ഇരിക്കൂർ മണ്ഡലത്തിൽ നിന്നും തെരഞ്ഞെടുത്ത ആനയടി-വാതിൽമട പട്ടികവർഗ്ഗ കോളനിയിൽ പദ്ധതി നടപ്പിലാക്കുന്നതിനായി ജില്ലാ നിർമ്മിതി കേന്ദ്രയെ നിർവ്വഹണ ഏജൻസിയായി തെരഞ്ഞെടുക്കുകയും കോളനികളിലെ ഊരുകൂട്ട തീരുമാന പ്രകാരം ഡി.പി.ആർ.തയ്യാറാക്കി സമർപ്പിക്കുന്നതിന് കണ്ണൂർ ഐ.ടി.ഡി.പി. പ്രോജക്ട് ഓഫീസർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ഏത് ഏജൻസിയെയാണ് പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ ഏൽപ്പിച്ചതെന്നും ആയത് എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്നും അറിയിക്കാമോ? | (ബി) | 2017-18 വർഷം അംബേദ്ക്കർ സെറ്റിൽമെന്റ് വികസന പദ്ധതി പ്രകാരം ഇരിക്കൂർ നിയോജക മണ്ഡലത്തിൽ നിന്നും തെരഞ്ഞെടുത്ത മാവുംതട്ട്, ചെമ്പുവച്ചമൊട്ട, പെരുവട്ടം, തോപ്പിലായി എന്നീ 4 പട്ടികവർഗ്ഗ കോളനികളുടെ നവീകരണ പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്. കരേത്തുംചാൽ പട്ടികവർഗ്ഗ കോളനിയിലെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. 2017-18 വർഷത്തെ അഞ്ച് കോളനികളിലെ നിർമ്മാണ പ്രവൃത്തികൾ ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ് എന്ന ഏജൻസിയെയാണ് ഏൽപ്പിച്ചിട്ടുള്ളത്. 31.03.2022 |

| | | | |
|---|---|---|---|
| | | | നകം പ്രവൃത്തി പൂർത്തീകരിക്കുന്നതിന് നിർവ്വഹണ ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. 2020-21 വർഷം ഇരിക്കൂർ മണ്ഡലത്തിൽ നിന്നും തെരഞ്ഞെടുത്ത ആനയടി-വാതിൽമട പട്ടികവർഗ്ഗ കോളനിയിൽ പദ്ധതി നടപ്പിലാക്കുന്നതിനായി ജില്ലാ നിർമ്മിതി കേന്ദ്രയെ നിർവ്വഹണ ഏജൻസിയായി തെരഞ്ഞെടുക്കുകയും കോളനികളിലെ ഊരുകൂട്ട തീരുമാന പ്രകാരം ഡി.പി.ആർ.തയ്യാറാക്കി സമർപ്പിക്കുന്നതിന് കണ്ണൂർ ഐ.ടി.ഡി.പി. പ്രോജക്ട് ഓഫീസർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ